പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2195 — 22.01.2014 -ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. വാഹനങ്ങളുടെ സ്വകാര്യ വർക്ക്ഷോപ്പുകളിലെ അറ്റകുറ്റപ്പണി

ചോദ്യം — ഉത്തരം

ശ്രീ. കെ. എം. ഷാജി :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.-യുടെ വാഹനങ്ങൾ എല്ലാം അറ്റകുറ്റപ്പണി നടത്തുന്നത് അവരുടേതായ വർക്ക് ഷോപ്പുകളിൽ തന്നെയാണോയെന്നും, അതല്ലെങ്കിൽ മറ്റ് എവിടെയൊക്കെയാണെന്നും, അതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്നും അറിയിക്കുമോ ; | (എ) | കെ.എസ്.ആർ.ടി.സിയുടെ ബസുകളുടെ ദൈനംദിന അറ്റകുറ്റപ്പണികൾ ഗാരേജുകളിലും മേജർ റിപ്പയറുകൾ ബന്ധപ്പെട്ട റീജിയണൽ വർക്ക്ഷോപ്പുകളിലുമാണ് നടത്തുന്നത്. എന്നാൽ വാറന്റി കാലാവധിയിലുള്ള വാഹനങ്ങൾ ബന്ധപ്പെട്ട വാഹന നിർമ്മാതാവിന്റെ അംഗീകൃത ഡീലർമാരുടെ വർക്ക്ഷോപ്പുകളിൽ പണിയിക്കാറുണ്ട്. JnNURM A/c Volvo ബസുകളുടെ ചില അറ്റകുറ്റപ്പണികൾ Volvo-യുടെ അംഗീകൃത ഡീലർ ആയ M/s. Vista Driveline Motors എന്ന സ്ഥാപനത്തിൽ നടത്തിവരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സിയുടെ കൈവശമുള്ള ചെറുവാഹനങ്ങളുടെ ചില അറ്റകുറ്റപ്പണികൾ അതാത് വാഹന നിർമ്മാതാക്കളുടെ അംഗീകൃത ഡീലർ വർക്ക് ഷോപ്പുകളിൽ നടത്താറുണ്ട്. |
| (ബി) | ഓരോ വർഷവും ഇത്തരത്തിൽ വാഹനങ്ങൾ പുറത്ത് പണി നടത്തുന്നതിന് എന്തു തുകയാണ് ചെലവാകുന്നത് ; | (ബി) | 2013-ൽ ചെറുവാഹനങ്ങൾക്ക് 5,63,241/- രൂപയും വോൾവോ ബസുകൾക്ക് 39,29,633/- രൂപയും ഇത്തരത്തിൽ വാഹനങ്ങൾ പുറത്ത് പണി ചെയ്തതിന് ചെലവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കെ.എസ്.ആർ.ടി.സി.യുടെ വാഹനങ്ങൾ പുറത്ത് വർക്ക്ഷോപ്പുകളിൽ പണി ചെയ്യേണ്ടിവരുന്ന സാഹചര്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകാമോ ; | (സി) | വോൾവോ ബസുകൾ വളരെ അത്യാധുനിക സംവിധാനങ്ങളോടു കൂടിയതാണ്. ഇവയുടെ വളരെ സങ്കീർണമായ അറ്റകുറ്റപ്പണികൾ കെ.എസ്.ആർ.ടി.സി ഗാരേജുകളിൽ നടത്തുന്നതിനാവശ്യമായ സാങ്കേതിക സൗകര്യങ്ങൾ ഇല്ലാത്തതിനാലാണ് ഇവയുടെ അറ്റകുറ്റപ്പണികൾ വാഹനനിർമ്മാതാവിന്റെ അംഗീകൃത ഡീലറുടെ വർക്ഷോപ്പുകളിൽ നടത്തുന്നത്. ചെറിയ വാഹനങ്ങളുടെ സങ്കീർണമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് കെ.എസ്.ആർ.ടി.സി ഗാരേജുകളിൽ സൗകര്യങ്ങൾ കുറവാണ്. ആയതിനാലാണ് ഇവയുടെ അറ്റകുറ്റപ്പണികൾ അംഗീകൃത ഡീലറുടെ വർക്ഷോപ്പുകളിൽ നടത്തുന്നത്. |
| (ഡി) | സംസ്ഥാനത്തെ ഏറ്റവും വലിയ ഫ്ളീറ്റുള്ള കെ.എസ്.ആർ.ടി.സി, വാഹനങ്ങളുടെ അറ്റകുറ്റപ്പണിക്ക് പുറം വർക്കുഷോപ്പുകളെ ആശ്രയിക്കുന്ന സംവിധാനം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | പുറം വർക്ക്ഷോപ്പുകളെ ആശ്രയിക്കുന്നത് സങ്കീർണമായ ജോലികൾക്ക് മാത്രമാണ്. കെ.എസ്.ആർ.ടി.സി.യുടെ മെക്കാനിക്കൽ വിഭാഗം ജീവനക്കാർക്കും സൂപ്പർ വൈസർമാർക്കും വാഹന നിർമ്മാതാക്കളെയും മറ്റ് ഘടക നിർമ്മാതാക്കളെയും ഉൾപ്പെടുത്തി വിദഗ്ദ്ധ പരിശീലനം നല്കിവരുന്നു. തുടർന്ന് ഇത്തരത്തിൽ പുറം വർക്ക്ഷോപ്പുകളെ ആശ്രയിക്കുന്നതിൽ കുറവ് വരുത്തുവാൻ കഴിയുന്നതാണ്. ആട്ടോമൊബൈൽ മേഖലയിൽ സാങ്കേതികത അടിക്കടി മാറുന്നതുകൊണ്ട് പുറം വർക്ക്ഷോപ്പുകളെ ആശ്രയിക്കുന്നത് പൂർണ്ണമായി ഒഴിവാക്കുവാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ